**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2266** **20-01-2021 - ൽ മറുപടിയ്ക്ക്**

**മട്ടാഞ്ചേരിയിലെ കറുത്ത ജൂതപ്പള്ളിയുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Shri .Ramachandran Kadannappalli<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) | |
| (എ) | കൊച്ചി നിയോജക മണ്ഡലത്തിലെ മട്ടാഞ്ചേരി വില്ലേജിലെ പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രാഥമിക വിജ്ഞാപനം ചെയ്തിട്ടുള്ളതും 2019 സെപ്റ്റംബറിൽ ഭാഗികമായി തകർന്നു വീഴുകയും ചെയ്ത കറുത്ത ജൂതപ്പള്ളിയുടെ (സിനഗോഗ്) സ്ഥലമെടുപ്പിനും പുനരുദ്ധാരണത്തിനുമായി അനുവദിച്ച തുക എത്രയെന്നും പുനരുദ്ധാരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കാമോ? | (എ) | കൊച്ചി നിയോജകമണ്ഡലത്തിലെ മട്ടാഞ്ചേരി വില്ലേജിലെ കറുത്ത ജൂതപ്പള്ളി (സിനഗോഗ്) വില നൽകി ഏറ്റെടുക്കുന്നതിനായി ഒന്നാം ഗഡുവായി 91.45 ലക്ഷം രൂപയും രണ്ടാം ഗഡുവായി 75,77,956/- രൂപയും അനുവദിച്ചിട്ടുണ്ട്. 2019 സെപ്റ്റംബറിൽ ഭാഗികമായി തകർന്നു വീണ മട്ടാഞ്ചേരി കറുത്ത ജൂതപ്പള്ളിയ്ക്ക് (സിനഗോഗ്) താൽക്കാലിക മേൽക്കൂര പണിയുന്നതിനായി 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. താൽക്കാലിക മേൽക്കൂര സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും, നാട്ടുകാരിൽ ചിലർ തടസ്സപ്പെടുത്തിയത് കാരണം നിലവിൽ പണികൾ നിർത്തിവെച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ